# ജലരേഖ പോലെ ഒരു പ്രഖ്യാപനം

**2007 ലെ ലോക ടൂറിസം ദിനത്തിന്റെ ആശയമായ 'ടൂറിസം സ്ത്രീകൾക്ക് വാതിലുകൾ തുറക്കുന്നു' എന്നതിനെക്കുറിച്ച് കേരള ഫിഷർ വുമൻ ഫോറത്തിന്റെ പ്രസിഡന്റായ മാഗ്ലിൻ പീറ്റർ സംസാരിക്കുന്നു.**

തയ്യാറാക്കിയത് : മായ എസ്.പി.

2007 സെപ്റ്റംബർ 27ലെ ലോക ടൂറിസം ദിനത്തിന്റെ ആശയമാണ് വനിതകൾ വാതിൽ തുറക്കുന്നുവെന്നത്. ദാരിദ്ര്യനിർമ്മാർജ്ജനവും ടൂറിസത്തിന്റെ വളർച്ചയുമാണ് ഐക്യരാഷ്ട്രസഭയിലെ സംഘടനയായ വേൾഡ് ടൂറിസം ഓർഗനൈസേഷൻ ലക്ഷ്യം വയ്ക്കുന്നതെങ്കിലും ഇന്ത്യയിലെ വിവിധ മേഖലകളിലുള്ള പൗരാവകാശ സംഘടനകൾ ഈ ആശയത്തിന്റെ യുക്തിയെ ചോദ്യം ചെയ്യുകയും അതിനെക്കുറിച്ചുള്ള ചർച്ചകളിലെ ഏകപക്ഷീയതയെ എതിർക്കുകയും ചെയ്തു. ഇന്ത്യയിലെ വനിത സാമൂഹ്യ പ്രവർത്തകർ ടൂറിസം ഒരു വിഭാഗത്തിന് മാത്രമേ ഗുണം ചെയ്യുകയുള്ളൂവെന്നും മറ്റൊരു വിഭാഗത്തിനെ സഹായിക്കുന്നില്ലെന്ന് തെളിയിക്കുകയും ചെയ്തു.



കേരള തീരദേശ മഹിളാവേദിയുടെയും കേരള മത്സ്യതൊഴിലാളി സ്ത്രീകളുടെ ഫോറത്തിന്റെയും കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ സ്ത്രീവിഭാഗത്തിന്റെയും പ്രസിഡന്റായ മഗ്ലിൻ പീറ്റർ ടൂറിസം വികസനത്തിന്റെ വിവിധ പ്രശ്നങ്ങളെക്കുറിച്ച് മായ എസ്.പി. യുമായി സംസാരിക്കുന്നു.

**യഥാർത്ഥത്തിൽ ഇന്ത്യയിലെ സ്ത്രീകൾക്കു വേണ്ടി ടൂറിസം വാതിൽ തുറക്കുന്നുണ്ടോ?**

ഒരൊറ്റ വാതിൽപോലും പ്രത്യേകിച്ച് മുക്കുവ ആദിവാസി ദളിത് സ്ത്രീകൾക്ക് വേണ്ടി തുറക്കുന്നില്ല എന്ന് പറയേണ്ടി വരുന്നതിൽ എനിക്ക് ഖേദമുണ്ട്. ഉദാഹരണത്തിന് കേരളത്തിൽ ടൂറിസം മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം ഇരുപത് ശതമാനത്തിൽ താഴെയാണ്. മുക്കുവ സമുദായത്തിലും മുക്കുവ ഗ്രാമങ്ങളിലും ഇത് അതിലും താഴെയാണ്. ടൂറിസം തദ്ദേശവാസികളെയും സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്നവരെയും സഹായിക്കുന്നില്ല എന്നതാണ് നമ്മുടെ ഇതുവരെയുള്ള അനുഭവം. ദൗർഭാഗ്യവശാൽ ഇവിടത്തെ ടൂറിസം സ്ത്രീകളെ അടിച്ചമർത്താനാണ് എല്ലായ്പ്പോഴും ശ്രമിക്കുന്നത്. ഞങ്ങളുടെ സമൂഹത്തിലെ സ്ത്രീകൾക്ക് അവരുടെ ജീവിതമാർഗ്ഗങ്ങളെ നഷ്ടപ്പെടുത്തുന്ന ഇപ്പോഴത്തെ ടൂറിസത്തിന്റെ ഏജന്റുമാരാകേണ്ട ആവശ്യമില്ല.

**ഏത് തരത്തിലുള്ള വാതിലുകളാണ് ടൂറിസം നമുക്ക് മുമ്പിൽ തുറക്കുന്നത്? അങ്ങനെയുണ്ടെങ്കിൽ തുറക്കപ്പെടുന്ന ഈ വാതിലുകളുടെ പിന്നിലുള്ള താൽപര്യങ്ങളെന്തെല്ലാമാണ്?**

ടൂറിസവുമായി ബന്ധപ്പെട്ട് നിൽക്കുന്ന സ്ത്രീകളിലധികവും ശുചീകരണവും ചവറുവാരലും തുണി അലക്കലും കടൽതീരങ്ങളിൽ വഴിക്കച്ചവടും മറ്റുമാണ് ചെയ്യുന്നത്. ഇത് മറ്റ് മേഖലകളിലും ഇങ്ങനെ തന്നെയാണ്. ടൂറിസം സ്ത്രീകൾക്ക് മുന്നിൽ തുറക്കുന്ന ഒരു വാതിൽ മസാജ് പാർലറിന്റേതാണ്. പക്ഷെ ടൂറിസ്റ്റുകൾക്ക് ആനന്ദം നൽകുന്നതല്ലാതെ സ്ത്രീകൾക്ക് അത് ഉപകാരപ്രദമാകുന്നില്ല. ടൂറിസ്റ്റുകൾക്ക് നമ്മുടെ സ്ത്രീകളെ വാഗ്ദാനം ചെയ്യുന്നതിന് പകരം ശരിയായ സേവനം നൽകുക എന്ന ഉദ്ദേശലക്ഷ്യമാണെങ്കിൽ മസാജ് പാർലറുകൾ പ്രശ്നമില്ലാത്തവയാണെന്നാണ് എനിക്ക് തോന്നുന്നത്.

**ഒരു വാതിൽ തുറന്നാൽ മറ്റൊരു വാതിൽ അടയും എന്നൊരു പഴഞ്ചൊല്ലുണ്ട്. ടൂറിസം സ്ത്രീകൾക്ക് വേണ്ടി അവസരങ്ങൾ സൃഷ്ടിക്കുമ്പോൾ അതിനോടനുബന്ധിച്ച് എന്തെല്ലാം വാതിലുകളാണ് നമുക്ക് മുന്നിൽ അടയാൻ പോകുന്നത്?**

ഒരു വാതിൽ തുറക്കുന്നതോടെ അനേകം വാതിലുകൾ നമുക്ക് മുന്നിൽ അടയാനുണ്ട്. ടൂറിസം വരുന്നതോടെ പല സ്ഥലങ്ങളിലും കടൽത്തീരങ്ങൾ നമുക്ക് നഷ്ടമാകും. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട ഇത്തരം സ്ഥലങ്ങളിലേക്കുള്ള സ്വകാര്യവ്യക്തികളുടെ കടന്നുകയറ്റം മൂലം വലിയ പ്രത്യാഘാതങ്ങളുണ്ടാകും. റിയൽ എസ്റ്റേറ്റ് മാഫിയകൾ തദ്ദേശീയരെ കുടിയൊഴിപ്പിച്ച് കടൽത്തീരങ്ങൾ കൈയടക്കാൻ കാത്തിരിക്കുകയാണ്. സുനാമിക്ക് ശേഷം പുനരധിവാസ പദ്ധതികൾ വൈകിയതിനാൽ പലരും സ്ഥലമുപേക്ഷിച്ച് പോയതിനാൽ സ്ഥലമെല്ലാം ടൂറിസം പദ്ധതികൾക്കായി കൈമാറ്റം ചെയ്യപ്പെട്ടിരിക്കുകയാണ്. പല ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും ഇതുമൂലം നിരവധി മുക്കുവ സ്ത്രീകൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. മത്സ്യബന്ധനവും അനുബന്ധജോലികളും ചെയ്തുവരുന്ന പല മുക്കുവർക്കും മറ്റ് ജോലികളൊന്നും അറിയില്ല. അതിന്റെ ആവശ്യവുമില്ല.

തൊഴിലിടങ്ങളും ജീവിതമാർഗ്ഗവും പ്രകൃതിസ്രോതസ്സുകളും നഷ്ടപ്പെട്ട ധാരാളം സ്ത്രീകളെ ഞങ്ങൾ കണ്ടുമുട്ടി. ടൂറിസം വികസനം മൂലം എല്ലാം നഷ്ടപ്പെടുന്ന സ്ത്രീകളെ പുനരധിവസിപ്പിക്കുന്നതിനെപ്പറ്റി ഈ പദ്ധതി ഒന്നും പറയുന്നില്ല. അവർക്ക് അവരുടെ ഭൂമിയും സംസ്കാരവും വികാരങ്ങളും എല്ലാം നഷ്ടമായി. ടൂറിസം സ്ത്രീകൾക്ക് വേണ്ടി വാതിലുകൾ തുറക്കുന്നു എന്ന പ്രഖ്യാപനം ഞങ്ങൾ ജലരേഖ പോലെയാണ് കരുതുന്നത്.

*ഉദയം, വലിയവേളി പി.ഒ.,*
*തിരുവനന്തപുരം-695 021*